16
THURSDAY
MAY 2019

# ദുബായ് വാർത്ത

www.dubaivartha.com
A WHATSAPP NEWS PAPER


# ഹംദാനും 2 സഹോദരന്മാരും വിവാഹിതരായി:



**ശൈഖ ശൈഖ ബിൻത് സഊദ് ബിൻ താനി അൽ മക്തൂമിനെയാണ് ദുബായ് കിരീടാവകാശി വിവാഹം കഴിച്ചത്.** സഹോദരി ശൈഖ ലതീഫ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമാണ് മൂവരെയും അഭിനന്ദിച്ചുകൊണ്ട് ഇക്കാര്യം സോഷ്യൽ മീഡിയ വഴി അറിയിച്ചത്.

# പുൽവാമയിൽ സൈന്യവും ഭീകരരുമായി ഏറ്റുമുട്ടൽ;



**ഒരു ജവാനും 2 ഭീകരരും കൊല്ലപ്പെട്ടു:** നിരവധി സൈനികർക്കും ഒരു ഗ്രാമീണനും പരിക്കേറ്റു. ഇന്ന് പുലർച്ചയോടെയാണ് പ്രദേശത്ത് ഏറ്റുമുട്ടൽ ആരംഭിച്ചത്. സ്ഥലത്ത് സംഘർഷാവസ്ഥ തുടരുകയാണ്. പ്രദേശത്തെ ഇന്റർനെറ്റ് സേവനങ്ങൾ താൽക്കാലികമായി നിർത്തലാക്കി. ഇന്ന് പുലർച്ചെ ആരംഭിച്ച വെടിവെയ്പ്പ് ഇപ്പോഴും തുടരുകയാണെന്നാണ് റിപ്പോർട്ട്.

# യു എ ഇ ഡ്രൈവിങ് ക്ലാസുകൾ ഇനി ഇന്ത്യയിൽ നിന്നും:




യു.എ.ഇ. ഡ്രൈവിങ് ലൈസൻസിനുള്ള ക്ലാസുകൾ സമീപഭാവിയിൽ തന്നെ ഇന്ത്യയിൽ നിന്ന് പഠിക്കാൻ അവസരമൊരുങ്ങുന്ന പദ്ധതിക്ക് ധാരണയായി. ക്ലാസുകൾ പൂർത്തിയാക്കി സർട്ടിഫിക്കറ്റുമായി യു.എ.ഇയിൽ എത്തുന്നവർക്ക് ഉടൻ തന്നെ റോഡ് ടെസ്റ്റിന് അവസരമൊരുക്കുന്ന പദ്ധതിയാണിത്.

# സാബിത്ത് വധം;

**സംഘപരിവാർ പ്രവർത്തകരായ മുഴുവൻ പ്രതികളെയും കോടതി വെറുതെ വിട്ടു.**



തെളിവുകളുടെ അഭാവത്തിൽ സംശയത്തിന്റെ ആനുകൂല്യം നൽകിയാണ് ജില്ലാ പ്രിൻസിപ്പൽ സെഷൻസ് കോടതി പ്രതികളെ വെറുതെ വിട്ടത്. 6 തവണ വിധി പറയുന്നത് മാറ്റിവെച്ച കേസിൽ ജഡ്ജി മനോഹർ കിനിയാണ് വിധിപറഞ്ഞത്.

# കള്ളവോട്ട്: കാസർഗോട്ടും കണ്ണൂരും 4 ബൂത്തുകളിൽ റീപോളിംഗ് നടത്താൻ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം.



കാസർഗോട്ടെ കല്യാശേരിയിലെ ബൂത്ത് നമ്പർ 19, പിലാത്തറ ബൂത്ത് നമ്പർ 69, പുതിയങ്ങാടി ജുമാഅത്ത് എച്ച് എസ് നോർത്ത് ബ്ളോക്ക് ബൂത്ത് നമ്പർ 70, ജുമാഅത്ത് എച്ച് എസ് സൗത്ത് ബ്ളോക്ക് എന്നിവടങ്ങളിലും കണ്ണൂർ തളിപ്പറമ്പ് ബൂത്ത് നമ്പർ 166, പാമ്പുരുത്തി മാപ്പിള എ. യു. പി. എസ് എന്നിവടങ്ങളിലുമാണ് റീ പോളിംഗ് നടത്തുന്നത്. 19 ന് രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് വോട്ടെടുപ്പ്.

# ഇറാനുമായി യുദ്ധത്തിന് താൽപ്പര്യമില്ലെന്ന് അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറി മൈക്ക് പോംപിയോ;



ഇറാനെതിരെയുള്ള അമേരിക്കയുടെ ആണവ ഉപരോധം നിലനിൽക്കുന്ന സാഹചര്യത്തിലാണ് മൈക്കൽ പോംപിയോ ഇറാനുമായി യുദ്ധത്തിന് താൽപ്പര്യമില്ലെന്ന നിലപാടുമായി രംഗത്ത് വന്നത്. അമേരിയ്ക്ക് ഇറാൻ മറ്റേത് രാജ്യത്തേയും പോലെ ഒന്ന് മാത്രമാണ്. എന്നാൽ തങ്ങളുടെ താൽപ്പര്യങ്ങൾ ഹനിച്ചാൽ നോക്കി നിൽക്കാനാവില്ല എന്നും പോംപിയോ പറഞ്ഞു.

# മമതാ ബാനർജിക്കെതിരെ തെരഞ്ഞെടുപ്പ് കമ്മീഷന് പരാതി നൽകി ബിജെപി



തെരഞ്ഞെടുപ്പ് അട്ടിമറിക്കുകയാണ് തൃണമൂൽ കോൺഗ്രസിന്റെ ലക്ഷ്യമെന്ന് ബിജെപി ആരോപിക്കുന്നു.വ്യാപക സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ പശ്ചിമ ബംഗാളിലെ അവസാന ഘട്ട തെരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണ സമയം ഇന്നലെ രാത്രി വെട്ടിക്കുറച്ചിരുന്നു.

# നെയ്യാറ്റിൻകര ആത്മഹത്യ;

## ഭവന വായ്പക്ക് ഇളവ് നൽകാൻ തയ്യാറാണെന്ന് കാനറാ ബാങ്ക്



ലേഖയും വൈഷ്ണവിയും ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ മാനുഷികമായ പരിഗണന കണക്കിലെടുത്താണ് വായ്പയിൽ ഇളവു നൽകാൻ ബാങ്ക് തീരുമാനിച്ചത്.ജപ്തി നടപടി ചോദ്യം ചെയ്തുള്ള ഹർജി മെയ് 20 നാണ് കോടതി പരിഗണിക്കുന്നത്. ഹർജി പരിഗണിക്കുന്ന വേളയിൽ ഇളവ് നൽകുന്ന കാര്യം കോടതിയെ അറിയിക്കുമെന്നും അസിസ്റ്റൻഡ് റീജിയണൽ മാനേജർ മുരളി മനോഹർ പറഞ്ഞു.

# ക്ലിയറൻസ് കിട്ടിയില്ല;

## വിമാനത്തിൽ മരിച്ചയാളുടെ മൃതദേഹം കുടുങ്ങി



മകൻ ഹീര ലാലിനൊപ്പം ഇറ്റലിയിലേക്കുള്ള യാത്രയ്ക്കിടെ യുഎഇ വ്യോമാതിർത്തിയിൽ മരിച്ച രാജസ്ഥാൻ മൊഹാല സ്വദേശി കൈലാഷ് ചന്ദ്ര സൈനിയുടെ മൃതദേഹത്തോടാണ് അനാദരം.

ഡൽഹി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നു ക്ലിയറൻസ് ലഭിക്കാത്തതിനാൽ ഇന്ത്യക്കാരന്റെ മൃതദേഹം അബുദാബി രാജ്യാന്തര വിമാനത്താവളത്തിൽ 12 മണിക്കൂറോളം കുടുങ്ങി. മൃതദേഹത്തിനു സാംക്രമിക രോഗങ്ങളില്ലെന്ന് യുഎഇ ആരോഗ്യ വകുപ്പിന്റെ സാക്ഷ്യപത്രം വാങ്ങി അറ്റസ്റ്റ് ചെയ്ത് നൽകിയാലേ മൃതദേഹം സ്വീകരിക്കൂ വെന്നായിരുന്നു ഡൽഹിയുടെ നിലപാട്.

# കമൽഹാസനെതിരെ ചെരിപ്പേറ് :



തമിഴ്നാട്ടിലെ മധുരയിലെ തിരുപ്പാറൻകുണ്ട്രം നിയമസഭാമണ്ഡലത്തിൽ തെരഞ്ഞെടുപ്പു പ്രചരണം നടത്തവേ മക്കൾ നീതി മയ്യം പ്രസിഡന്റ് കമൽഹാസനെതിരെ ചെരിപ്പേറ്. സ്വതന്ത്ര ഇന്ത്യയിലെ ആദ്യ ഹിന്ദു തീവ്രവാദിയാണ് നാഥുറാം വിനായക് ഗോദ്സെയെന്ന കമൽഹാസന്റെ പരാമർശം വിവാദമായിരുന്നു. ഇതിനു പിന്നാലെയാണ് അദ്ദേഹത്തിനുനേരെ ആക്രമണം നടന്നത്. ബി.ജെ.പി പ്രവർത്തകരും ഹനുമാൻ സേന പ്രവർത്തകരുമുൾപ്പെടുന്ന 11 അംഗ സംഘമാണ് ആക്രമണം നടത്തിയത്. കമൽഹാസൻ സംസാരിക്കുന്ന വേദിയ്ക്കുനേരെ ഇവർ ചെരിപ്പെറിയുകയായിരുന്നു.

# സൗദിയിൽ മലയാളി യുവാവിന്റെ കൈപ്പത്തി മുറിച്ചുമാറ്റാൻ കോടതിവിധി.



ആലപ്പുഴ നൂറനാട് സ്വദേശിയായ യുവാവിന്റെ കൈപ്പത്തി മുറിച്ചുമാറ്റാനാണ് കോടതി ഉത്തരവിട്ടത്. സൗദിയിലെ തെക്കുഭാഗത്തെ അബഹയിൽ ഉള്ള ഭക്ഷണശാലയുടെ പണം സൂക്ഷിക്കുന്ന അറയിൽനിന്നും പണം കാണാതായ കേസിലാണ് മലയാളി അറസ്റ്റിലായത്. ഒരു ലക്ഷത്തി പതിനായിരം റിയാലായിരുന്നു കാണാതായത്.

# എസ് എസ് എൽ സി സർട്ടിഫിക്കറ്റുകൾ ജൂലൈ 15 മുതൽ ഡിജിലോക്കറിൽ ലഭ്യമാകും

ഈ സർട്ടിഫിക്കറ്റുകൾ ആധികാരിക രേഖയായി ഉപയോഗിക്കാം. നമുക്കാവശ്യമായ എല്ലാ രേഖകളും സുരക്ഷിതമായി ഇ രേഖകളായി സൂക്ഷിക്കുന്ന സംവിധാനമാണു ഡിജി ലോക്കർ. (https://digilocker.gov.in)

## യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 7.00 PM | 7.04 PM | 7.00PM | 7.00 PM | 6.54 PM | 6.56 PM | 6.56PM |